പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# ഗ്രാമീണ റോഡ് വികസനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 294 — 10.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>" ടി.എൻ. പ്രതാപൻ<br>" അൻവർ സാദത്ത്<br>" എം.എ. വാഹീദ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) | |
| (എ) | ഗ്രാമീണ റോഡ് വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ; | (എ) | കൈവരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വികസനത്തിന് വേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വിശദമാക്കാമോ; | (ബി) | 100 ശതമാനം കേന്ദ്ര സർക്കാർ സഹായമുള്ള പ്രധാന മന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 പ്രകാരം ഒറ്റപ്പെട്ട് കിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ കഴിയുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണം എന്നീ പ്രവൃത്തികൾ പദ്ധതിയിൽ അനുവദനീയമാണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) & (ഡി) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 2010-11 സാമ്പത്തിക വർഷം മുതൽ പദ്ധതി ലഭ്യമാക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ ബോർഡർ ഏര്യായിൽ വരുന്ന റോഡുകൾ, നക്സൽ ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ റോഡുകൾ, എ.ഡി.ബി./ലോക ബാങ്ക് ലോൺ മുഖേന ഏറ്റെടുക്കുന്ന റോഡുകൾ തുടങ്ങിയ മാനദണ്ഡങ്ങൾ പ്രകാരമാണ് പുതിയ പദ്ധതികൾ അനുവദിച്ചിരുന്നത്. എന്നാൽ |
| (ഡി) | ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | | |

സംസ്ഥാനം ഈ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ടി മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് 689.90 കോടി രൂപ അടങ്കലായി 1011.715 കി.മീ. ദൈർഘ്യം വരുന്ന 415 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുകയുണ്ടായി. കൂടാതെ പി.എം.ജി.എസ്.വൈ. II ൽ ഉൾപ്പെടുത്തി 570 കി.മീ.ദൈർഘ്യം വരുന്ന റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതിയും കേന്ദ്ര സർക്കാരിൽനിന്നും നേടി എടുക്കാൻ കഴിഞ്ഞു.

നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. കൂടാതെ വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻഘട്ടങ്ങളിലെ 130 കി.മീ. ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 PMGSY Schedule of Rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധിക തുക നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. Phase VIII ബാച്ച് I ലെ 194 റോഡുകൾക്ക് PMGSY SoR 2013 നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി പ്രകാരം റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പദ്ധതിയുടെ തുടക്കം മുതൽ തന്നെ (2006-07 മുതൽ) ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് തലത്തിൽ സാധന-വേതന ഘടകങ്ങളുടെ അനുപാതം 60:40 പാലിച്ച് കൊണ്ട് സാധന ഘടകം പ്രയോജനപ്പെടുത്തി മറ്റ് പ്രവൃത്തികൾക്ക് ഒപ്പം റോഡുപണി ഏറ്റെടുക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| | | പി.എം.ജി.എസ്.വൈ. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ട ത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറേയും ഒരു എംപവേർഡ് ഓഫീസറേയും നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്ന തിനായി 14 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരേയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ